"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ്- 12.08.2020-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി തീരുമാനങ്ങൾ- ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്ത്- വനിതകൾക്ക് ഗ്രോബാഗിൽ പച്ചക്കറി കൃഷി- ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകൽ എന്ന പദ്ധതിയ്ക്ക് അനുമതി നല്കി ഉത്തരവാകുന്നു.

---

തദ്ദേശസ്വയംഭരണ (ഡിഡി) വകുപ്പ്

സ.ഉ.(സാധാ) നം.1735/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം. 24/09/2020

---

പരാമർശം:- 1 കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 29.07.2020-ലെ കത്ത്

2 വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 12.08.2020-ലെ യോഗത്തിലെ 4.54-ാം നമ്പർ തീരുമാനം

**<u>ഉത്തരവ്</u>**

ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്ത് 2020-21 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ആവിഷ്കരിച്ചിരിക്കുന്ന 'വനിതകൾക്ക് ഗ്രോബാഗിൽ പച്ചക്കറി കൃഷി- ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകൽ' എന്ന പദ്ധതി മാർഗ്ഗരേഖ പ്രകാരം അനുവദനീയമല്ലാത്തതിനാൽ കോഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതി നൽകണമെന്ന പരാമർശം (1) മുഖേനയുള്ള ബ്ലോക്ക് പഞ്ചായത്തിന്റെ അപേക്ഷ കോഓർഡിനേഷൻ സമിതി പരിഗണിക്കുകയും ഗ്രാമപഞ്ചായത്തിന് വിഹിതം കൈമാറി നൽകണമെന്ന നിബന്ധനയോടെ പരാമർശം (2) പ്രകാരം അനുമതി നൽകാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

2. മേൽ വിവരിച്ച സാഹചര്യത്തിൽ ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്ത് 2020-21 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ആവിഷ്കരിച്ചിരിക്കുന്ന 'വനിതകൾക്ക് ഗ്രോബാഗിൽ പച്ചക്കറി കൃഷി- ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകൽ' എന്ന പദ്ധതി ഗ്രാമപഞ്ചായത്തിന് വിഹിതം കൈമാറി നൽകണമെന്ന നിബന്ധനയോടെ അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

JAYASREE P N

**അണ്ടർ സെക്രട്ടറി**

പകർപ്പ്

പ്രസിഡണ്ട്/സെക്രട്ടറി, ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്ത്, കോട്ടയം

ജില്ലാ പ്ലാനിംഗ് ഓഫീസർ, കോട്ടയം

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം

✓എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

ത.സ്വ.ഭ.(ഡി.എ) വകുപ്പ്

കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by NISAM N
Date: 2020.09.24 13:54:10 IST
Reason: Approved
സെക്ഷൻ ഓഫീസർ